# 1 രോമമുള്ള പൂച്ചയെ കണ്ടെത്തുക!



0124CH01

## പാടാം നമുക്ക്





വന്നാലും വന്നാലും എന്റെ
അടുത്തേക്കു വന്നാലും എൻറെ
രോമപ്പൂച്ചേ...


ആ കുപ്പിയിൽ നീ മാന്തുന്നത്
ഞാൻ കണ്ടു.

എന്റെ കാറിന്റെ മുകളിൽ നീ ചാടി
കളിക്കുന്നത് ഞാൻ കണ്ടു.

വന്നാലും വന്നാലും എന്റെ
അടുത്തേക്കു വന്നാലും എൻറെ
രോമപ്പൂച്ചേ...







വന്നാലും വന്നാലും എന്റെ
അടുത്തേക്കു വന്നാലും എൻറെ
രോമപ്പൂച്ചേ...
എൻറെ തൊപ്പിക്ക് മുകളിൽ പാറി
കളിക്കുന്നത് ഞാൻ കണ്ടു...

എൻറെ പായയുടെ അടിയിൽ നീ
ഒളിച്ചിരിക്കുന്നത് ഞാൻ കണ്ടു
വന്നുവല്ലോ  എന്റെ രോമപ്പൂച്ച

ഈ കവിത ഉറക്കെ ചൊല്ലുക.കുട്ടികളോട് ഒപ്പം ചൊല്ലുവാനും അതിനോടൊപ്പം അഭിനയിക്കുവാനും പറയുന്നു. ചിത്രത്തിൽ നോക്കി അവർ  കാണുന്നത് എന്തൊക്കെയാണെന്ന് പറയുന്നു. മുകളിൽ ഉള്ളത്, താഴെ  ഉള്ളത്, അടിയിൽ ഉള്ളത് തുടങ്ങിയവ കണ്ടെത്തി ചർച്ച ചെയ്യുന്നു ചുറ്റുപാടും കാണുന്ന പൂച്ച , പട്ടി , പശു തുടങ്ങിയ മൃഗങ്ങളെ കുറിച്ചു സംസാരിക്കാൻ അവരെ പ്രേരിപ്പിക്കുക.



© SCERT not to be republished

**കവിതയുടെ ചിത്രങ്ങൾ നോക്കുക, ശരിയായ വാക്കിന് ചുറ്റും വട്ടം വരയ്ക്കുക**

A. ചുവന്ന പന്ത് കട്ടിലിന്റെ **മുകളിൽ/ താഴെ /പുറത്ത്** ആണ്.

B. പൂച്ച കാറിന് **ഉള്ളിൽ/ പുറത്ത്/ മുകളിൽ** ആണ്.

C. മനുഷ്യൻ മരത്തിൻറെ **മുകളിൽ/ അകത്ത്/ ഉള്ളിൽ** ആണ്.

D. പശു വീടിൻറെ **ഉള്ളിൽ/ മുകളിൽ /പുറത്ത്** ആണ്


## ചിന്തിച്ചു ഉത്തരം പറയുക

A. നിങ്ങൾ എവിടെയാണ് ഷൂ വെക്കുന്നത് ?മുറിക്ക് ഉള്ളിൽ /മുറിക്ക് പുറത്ത്

B. മാലിന്യം എവിടെയാണ് നിക്ഷേപിക്കുന്നത്? ചവറ്റു കൊട്ടക്ക് ഉള്ളിൽ /പുറത്ത്.

## നമുക്ക് കളിക്കാം- വസ്തുക്കൾ കണ്ടുപിടിക്കാം.

കുട്ടികൾക്ക് സ്വയം 2 ടീമുകളായി വിഭജിക്കാം. ഒരു ടീം വെളുത്ത ചോക്ക്, ചുവന്ന പന്ത്, മറ്റ് വസ്തുക്കൾ എന്നിവ പോലുള്ള കുറച്ച് കാര്യങ്ങൾ ഒളിപ്പിക്കുകയും അവ കണ്ടെത്താൻ മറ്റേ ടീമിനോട് ആവശ്യപ്പെടുകയും ചെയ്യും. അകത്തു/ പുറത്തു, ദൂരെ/അടുത്ത്, മുകളിൽ/താഴെ തുടങ്ങിയ സ്ഥാനപദങ്ങൾ ഉപയോഗിച്ച് കാര്യങ്ങൾ കണ്ടെത്താൻ കുട്ടികൾക്ക് വാക്കാലുള്ള നിർദ്ദേശങ്ങൾ നൽകാം.



ഉദാഹരണത്തിന്:

- ബോർഡിന് അടുത്തുള്ള മേശയ്ക്ക് **അടിയിലുള്ള** വെളുത്ത വസ്തു കണ്ടുപിടിക്കുക.
- ക്ലാസ് റൂമിന് **പുറത്തുള്ള** മരത്തിന് താഴെയുള്ള ചുവന്ന വസ്തു കണ്ടുപിടിക്കുക.

© NCERT not to be republished


## നമുക്ക് കളിക്കാം... പന്ത് എറിയുക


ഓരോ കുട്ടിയും പന്ത് ലക്ഷ്യംവെച്ച് കുട്ടയ്ക്കുള്ളിലേക്ക് എറിയുന്നു. പന്ത് അകത്തേക്ക് പോകുമ്പോൾ, മറ്റ് കുട്ടികൾ പറയും 'അകത്ത്' അത് കുട്ടയ്ക്ക് പുറത്തേക്ക് പോകുമ്പോൾ അവർ പറയും. 'പുറത്ത്'.



## നമുക്ക് ചെയ്യാം

A. അകത്തുള്ള വസ്തുക്കൾക്ക് ✓ ശരി ഇടുക





വിവിധ കഴിവുള്ള എല്ലാ കുട്ടികളെയും പ്രവർത്തനത്തിൽ പങ്കാളികളാക്കുന്ന രീതിയിൽ ആയിരിക്കണം പ്രവർത്തനങ്ങൾ ഒരുക്കേണ്ടത്. ഉദാഹരണം ഒരു കിലുക്ക് പന്തിനോട് ചേർത്തുവക്കാം. കുട്ടയുടെപ്രതലം വ്യത്യസ്ത രീതിയിൽ ആക്കിയാൽ പന്ത് അകത്തും പുറത്തും വീഴുമ്പോൾ വ്യത്യസ്ത ശബ്ദം കേൾക്കാം.

B. പുറത്തുള്ള വസ്തുക്കൾക്ക് ✓ ശരി ഇടുക






C. ചിത്രം നോക്കി ശരിയായ വാക്കുകൾക്ക് നേരെ ശരി ✓ ചിഹ്നം ഇടുക

i. കുട്ടി മരത്തിൻറെ **മുകളിൽ /അടിയിൽ** ഇരിക്കുന്നു.

ii. പക്ഷികൾ മരത്തിന്റെ **മുകളിൽ /താഴെ** ആണ്



D. മൂക്കിൻറെ താഴെ ഒരു പുഞ്ചിരിയും കണ്ണിന് മുകളിൽ കൺപീലിയും വരയ്ക്കുക



© NCERT not to be republished

E. നമ്മുടെ ദേശീയപതാക നോക്കൂ, അത് ത്രിവർണപതാക എന്നും അറിയപ്പെടുന്നു . എത്ര *നിറങ്ങളുണ്ട്?*

ശരിയായതിന് നേരേ നേരെ ശരി ✓ ചിഹ്നം ഇടുക

i. ഏതു നിറമാണ് ത്രിവർണപതാകയിൽ ഏറ്റവും *മുകളിൽ.*
**വെള്ള/ കുങ്കുമം/പച്ച**

ii. ത്രിവർണപതാകയിൽ വെള്ള നിറത്തിന് തൊട്ടു താഴെ ഏത് *നിറമാണ്?*
**വെള്ള/ കുങ്കുമം/ മഞ്ഞ**

iii. പച്ചനിറത്തിനു മുകളിൽ ഏത് നിറമാണ് ത്രിവർണപതാകയിൽ.
വെള്ള /കുങ്കുമം /മഞ്ഞ

iv. ത്രിവർണപതാകയിൽ അശോകചക്രം എവിടെയാണ്?
**ഒരു കോണിൽ/ നടുക്ക് /ഒരു വശത്ത്**

not to be republished © NCERT



എന്തുകൊണ്ട് എവിടെ എങ്ങനെ എപ്പോൾ ദേശീയ പതാക ർത്തുന്നു എന്ന് കുട്ടികളുമായി ചർച്ച ചെയ്യുക. ദേശീയ ആഘോഷങ്ങളെ കുറിച്ചുള്ള അവരുടെ സങ്കല്പങ്ങൾ അവതരിപ്പിക്കട്ടെ. സ്വയം ത്രിവർണ്ണ പതാക നിർമ്മിക്കുവാനും., ദേശീയ പതാകയെ അഭിസംബോധന ചെയ്തുകൊണ്ട് ദേശീയ ഗാനം ആലപിക്കുവാനും ആവശ്യപ്പെടുക.



## ഛുക് ഛുക് ഞങ്ങളുടെ ട്രെയിൻ പോകുന്നു

ഛുക് ഛുക് ഛുക് ഛുക്

ഞങ്ങളുടെ ട്രെയിൻ പോകുന്നു

കുന്നുകൾക്ക് മുകളിലൂടെയും

താഴെ സമതലങ്ങളിലേക്കും

ഛുക് ഛുക് ഛുക് ഛുക്

ഞങ്ങളുടെ ട്രെയിൻ പോകുന്നു

എന്റെ ബോഗിക്ക് **പിന്നിലെ** ബോഗികൾ


എന്റെ ബോഗിക്ക് **മുന്നിലെ** ബോഗികൾ

ഒരു ചങ്ങല തീർക്കുന്നു

നദികൾക്കു മുകളിലൂടെയും മഴയിലൂടെയും

ഛുക് ഛുക് ഛുക് ഛുക്

ഞങ്ങളുടെ ട്രെയിൻ പോകുന്നു





A. എഞ്ചിന് **പിന്നിൽ** എത്ര ബോഗികളുണ്ട്?.

B. **ചുവന്ന** ബോഗിക്ക് **മുമ്പ്** എത്ര ബോഗികൾ ഉണ്ട്?

C. ചുവന്ന ബോഗിക്ക് **പിന്നിലുള്ള** ബോഗിക്ക് **ഓറഞ്ച്** നിറം നൽകുക

D. ചുവന്ന ബോഗിക്ക് **മുമ്പുള്ള** ബോഗികളിൽ **നീലനിറം** നല്കുക?

കുട്ടികളോട് തീവണ്ടി യാത്രയെപ്പറ്റിയുള്ള അവരുടെ അനുഭവങ്ങൾ പങ്കുവെക്കാൻ ആവശ്യപ്പെടുക. തീവണ്ടിയിൽ ഇതുവരെയും യാത്ര ചെയ്യാത്ത കുട്ടികൾ യാത്രയെക്കുറിച്ച് ചോദിച്ചേക്കാം. തീവണ്ടിയെപ്പറ്റി അവിടെ ഒരു ർച്ച ഉണ്ടാകട്ടെ. ഒരു തീവണ്ടിയുടെ പടം വരയ്ക്കുവാൻ കുട്ടികളോട് ആവശ്യപ്പെടുക. പെട്ടികൾ ,കാൻ തുടങ്ങിയ പാഴ് വസ്തുക്കൾ ഉപയോഗിച്ച് തീവണ്ടിയുടെ രൂപങ്ങൾ ഉണ്ടാക്കാം



© NCERT not to be republished

## നമുക്ക് കളിക്കാം

കുട്ടികൾ ഈ പാട്ട് പാടുന്ന അതിനോടൊപ്പം അവർ തോളോട് തോൾ ചേർന്ന് തീവണ്ടിയുടെ രൂപം ഉണ്ടാക്കി കളിക്കുന്നു. ഓരോരുത്തരും അവരുടെ മുമ്പിലും പിന്നിലും ആരാണെന്ന് പറയുന്നു




സുവാലിയും രോഹിത്തും ഒരു കൂട്ടം വസ്തുക്കൾ ഉണ്ടാക്കുകയാണ്





ഇലകൾ, വിത്തുകൾ തുടങ്ങിയ വസ്തുക്കൾ കുട്ടികൾ ഇതുപോലെ തരംതിരിക്കട്ടെ

© NCERT not to be republished

## നമുക്ക് ചെയ്യാം

സുവാലി എല്ലാ ബട്ടണുകളും മൂന്ന് ഗ്രൂപ്പിൽ വെച്ചു.



എന്തുകൊണ്ടായിരിക്കും സുവാലി അങ്ങനെ തരം തിരിച്ചത് ?

സുവാലിയെ മറ്റൊരു രീതിയിൽ ബട്ടണുകളെ തരംതിരിക്കാൻ ഇതുപോലെ പടം വരച്ചു സഹായിക്കാമോ?

© NCERT not to be republished

## പ്രോജക്ട് വർക്ക്

കുട്ടികളോട് ക്ലാസ് റൂമിലെ അലമാര സജ്ജീകരിക്കാൻ ആവശ്യപ്പെടുന്നു. സ്ഥാന പദാവലി ഉപയോഗിച്ചുകൊണ്ട് ഉപയോഗിച്ചുകൊണ്ട് മുകളിൽ/ താഴെ തുടങ്ങിയ രീതിയിൽ വസ്തുക്കൾ ക്രമീകരിക്കാൻ ആവശ്യപ്പെടുന്നു.